മുദ്രകൾ

# മലേഷ്യയിലെ 'അല്ലാഹു' വിവാദം

**മലേഷ്യയിൽ** 'അല്ലാഹു' ഇപ്പോൾ വലിയ വിവാദ വിഷയമാണ്. സംഭവത്തിന്റെ തുടക്കം ഇങ്ങനെ: കത്തോലിക്കാ വിഭാഗത്തിന്റെ ദ്വൈവാരികയായ HERALD അതിന്റെ മലായ് ഭാഷാ പതിപ്പിൽ ദൈവത്തെ പരാമർശിക്കുന്നേടത്തൊക്കെ 'അല്ലാഹു' എന്ന് പ്രയോഗിക്കാൻ തുടങ്ങി. മലയാ ഭാഷയിൽ ദൈവത്തിന് 'തുഹാൻ' എന്ന വാക്കുണ്ടെങ്കിലും മുഴുവൻ മുസ്‌ലിംകളും അവിടെ 'അല്ലാഹു' എന്നു തന്നെയാണ് ഉപയോഗിക്കുന്നത്. ഇതുകൊണ്ടുതന്നെ പത്രം 'അല്ലാഹു' എന്ന് ഉപയോഗിക്കുമ്പോൾ അത് തെറ്റിദ്ധാരണയുണ്ടാക്കുമെന്നും മലായ് മുസ്‌ലിംകളെ തെറ്റിദ്ധരിപ്പിക്കുമെന്നും കാരണം പറഞ്ഞ് ഗവൺമെന്റ് ഇത്തരത്തിലുള്ള പദപ്രയോഗങ്ങൾ ഒഴിവാക്കണമെന്ന് പത്രത്തോട് ആവശ്യപ്പെട്ടു (ഇതേ പത്രത്തിന്റെ ഇംഗ്ലീഷ് പതിപ്പിൽ 'GOD' എന്ന് മാത്രമാണ് പരാമർശിക്കാറ്). ഈ ആവശ്യം നിരസിച്ചതിനെതുടർന്ന് ഗവൺമെന്റ് പത്രത്തിന്റെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും പ്രസിദ്ധീകരണം നിരോധിക്കുകയും ചെയ്തു. നിരോധത്തിനെതിരെ പത്രം കോടതിയെ സമീപിച്ചു. 'അല്ലാഹു' എന്ന പദം അമുസ്‌ലിംകൾക്കും ഉപയോഗിക്കാമെന്നായി കോടതി. ക്രിസ്ത്യാനികൾക്ക് അവരുടെ മലായ് പ്രസിദ്ധീകരണങ്ങളിലും ബൈബിളിലും 'അല്ലാഹു' എന്ന് ഉപയോഗിക്കാമെന്ന് കോടതി പറഞ്ഞു. അതോടെ വിവാദം കത്തിപ്പടരുകയും അത് ചെറിയ തോതിൽ സംഘർഷങ്ങൾക്ക് വഴിവെക്കുകയും ചെയ്തു. കോടതി വിധിക്കെതിരെ വലിയ പൊതുജന റാലികൾ സംഘടിപ്പിക്കപ്പെട്ടു.



*ഹാദി അവാങ്*

12 ക്രിസ്ത്യൻ ചർച്ചുകൾക്കും രണ്ട് മുസ്‌ലിം പള്ളികൾക്കും ഒരു സിഖ് ഗുരുദ്വാരക്കും നേരെ സാമൂഹിക വിരുദ്ധർ തീപന്തമെറിഞ്ഞ് കേടുപാടുകൾ വരുത്തി. മതകീയ സംഘർഷങ്ങൾ വളരെ കുറഞ്ഞ മലേഷ്യയിൽ ഇത്തരത്തിലുള്ള ചെറിയ അക്രമങ്ങൾ പോലും വലിയ ചർച്ചയാവുകയും പ്രധാനമന്ത്രി മുതൽ മിക്ക സംഘ

ടനാ നേതാക്കളും ഒറ്റക്കെട്ടായി അക്രമത്തെ അപലപിക്കുകയുമുണ്ടായി. മാത്രമല്ല, ഇസ്‌ലാമിക സംഘടനകൾ ന്യൂനപക്ഷ സമുദായത്തിന്റെ ആരാധനാലയങ്ങൾക്ക് കാവലിന് വളണ്ടിയർമാരെ രംഗത്തിറക്കി. കേടുപാടുകൾ തീർക്കാൻ സാമ്പത്തിക സഹായവും നൽകി. ഇങ്ങനെ സഹായവുമായെത്തിയത് 130ഓളം മുസ്‌ലിം സംഘടനകളാണ്.

എങ്കിലും ബൗദ്ധിക മേഖലയിൽ 'അല്ലാഹു' വിവാദം ഇപ്പോഴും തുടരുകയാണ്. ഭരണകക്ഷിയായ 'ഉംനോ' (UMNO) ക്രിസ്ത്യൻ പ്രസിദ്ധീകരണങ്ങളിലും ബൈബിളിലും 'അല്ലാഹു' എന്ന് ദൈവത്തെ കുറിക്കാൻ പ്രയോഗിക്കരുത് എന്ന പക്ഷക്കാരാണ്. സാധാരണക്കാരായ മുസ്‌ലിംകളിൽ ഇത് തെറ്റിദ്ധാരണയുണ്ടാക്കും എന്നാണവർ പറയുന്ന ന്യായം. ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളിൽ എന്തുകൊണ്ട് 'അല്ലാഹു' എന്ന് ഉപയോഗിക്കുന്നില്ല എന്നും അവർ ചോദിക്കുന്നു.

എന്നാൽ, ഏറ്റവും വലിയ ഇസ്‌ലാമിക പാർട്ടിയായ പാസി(PAS)ന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷ കൂട്ടായ്മ ഈ വാദമുഖങ്ങളെ നിരാകരിക്കുന്നു. പാസിന്റെ പ്രസിഡന്റ് ഹാദി അവാങ്, പാർട്ടിയുടെ നിലപാട് ഇങ്ങനെ വ്യക്തമാക്കി: “അബ്രഹാമിക് ധാരയിലെ ക്രിസ്തീയ, ജൂത വിശ്വാസികൾ ദൈവത്തെ 'അല്ലാഹു' എന്ന് വിളിക്കുന്നത് ഇസ്‌ലാമിക ന്യായപ്രകാരം സ്വീകാര്യമാണ്. എങ്കിലും ഈ പദം ഉപയോഗിക്കുന്നത് തെറ്റിദ്ധാരണ ഉണ്ടാക്കുന്ന വിധത്തിലല്ലാതിരിക്കണം.”

പ്രതിപക്ഷ നേതാക്കളിലൊരാളായ അൻവർ ഇബ്‌റാഹീമിനും ഇതേ നിലപാടാണ്. അദ്ദേഹം പറയുന്നു: “സെമിറ്റിക് ഭാഷകളിൽ ദൈവത്തെ അഭിസംബോധന ചെയ്യുന്നത് 'അല്ലാഹു'എന്ന് തന്നെയാണ്. അരാമിക് ഭാഷയിൽ 'ഇലാഹ്' എന്നും ഹീബ്രുവിൽ 'ഇലോഹിം' എന്നുമാണ് പ്രയോഗിക്കുന്നത്. നൂറ്റാണ്ടുകളായി അറബികളായ മുസ്‌ലിം- ക്രിസ്ത്യൻ-ജൂത വിഭാഗവും ഇത് തുടർന്നു വരുന്നു. ഇതുകൊണ്ടുതന്നെ ഇവ്വിഷയകമായി മലേഷ്യക്ക് പുറത്തുള്ള പണ്ഡിതന്മാർ ഈ വിവാദത്തിന് വലിയ പ്രാധാന്യം നൽകുന്നില്ല.”

രാഷ്ട്രീയ താൽപര്യങ്ങളും ഈ വിവാദം കുത്തിപ്പൊക്കുന്നതിന് പിന്നിലുണ്ട്. കഴിഞ്ഞ ഉപതെരഞ്ഞെടുപ്പുകളിൽ ഇസ്‌ലാമിക പാർട്ടിയായ പാസിന്റെ നേതൃത്വത്തിലുള്ള പ്രതിപക്ഷ സഖ്യം വൻ വിജയം കൊയ്തിരുന്നു. പാസിന്റെ സ്വാധീനം വർധിക്കുന്നതും ന്യൂനപക്ഷങ്ങൾക്കിടയിൽ പാസിന് സ്വീകാര്യത കൂടിവരുന്നതും ഭരണകക്ഷിയായ ഉംനോവിനെ അസ്വസ്ഥപ്പെടുത്തുന്നു. ഈ ഒരു പശ്ചാത്തലത്തിലാണ് ഇത്തരത്തിലുള്ള വിവാദങ്ങൾക്ക് എരിവ് പകർന്ന് ജനസ്വാധീനം വർധിപ്പിക്കാമെന്ന് ഉംനോ കണക്കുകൂട്ടുന്നത്. ■

**വി.വി ശരീഫ് സിംഗപ്പൂർ**
**vshareef@hotmail.com**

# മബ്ഹൂഹിനെ വധിച്ചത് മൊസാദ് തന്നെ

**ശീതയുദ്ധകാലം** പശ്ചാത്തലമാക്കി നിർമിക്കപ്പെട്ട ക്രൈം ത്രില്ലറുകളെ അനുസ്മരിപ്പിക്കുന്നതാണ് ഇസ്രയേൽ ചാരസംഘടനയായ മൊസാദ് ആസൂത്രണം ചെയ്യുന്ന നിഷ്ഠുരമായ കൊലപാതകങ്ങൾ. അത്തരമൊന്ന് കഴിഞ്ഞ ജനുവരി മധ്യത്തിൽ ദുബൈയിലെ ഒരു ഹോട്ടലിലാണ് നടന്നത്. ഹമാസിന്റെ നേതൃനിരയിലെ മഹ്മൂദ് മബ്ഹൂഹ് ആണ് വധിക്കപ്പെട്ടത്. ഷോക്കേറ്റായിരുന്നു മരണം. കേസ് അന്വേഷണം നടത്തിയ ദുബൈ പോലീസിന് കുറ്റവാളി ആരെന്ന കാര്യത്തിൽ സംശയമുണ്ടായി



*മഹ്മൂദ് മബ്ഹൂഹ്*

രുന്നില്ല. "99 ശതമാനവും ഞങ്ങൾ ഉറപ്പിച്ച് കഴിഞ്ഞ് കൊലപാതകം നടത്തിയത് മൊസാദാണെന്ന്." ദുബൈ പോലീസ് മേധാവി ദാഹി ഖൽഫാൻ തമീം പറഞ്ഞു.

വിവിധ യൂറോപ്യൻ പാസ്പോർട്ടുകളിൽ ആൾമാറാട്ടം നടത്തിയാണ് മൊസാദിന്റെ പതിനൊന്നംഗ കൊലയാളി സംഘം ദുബൈയിൽ എത്തിയത്. ഇവ കള്ളപാസ്പോർട്ടുകൾ അല്ലെന്ന് വ്യക്തം. ഒറിജിനൽ പാസ്പോർട്ടുകൾ തന്നെയാണ് ഉപയോഗിച്ചത്. ഇസ്രയേൽ ഭരണകൂടത്തിന്റെ മേൽനോട്ടത്തിലാണ് വധഗൂഢാലോചന നടന്നത് എന്നതിന് ഇത് മതിയായ തെളിവാണെന്ന് നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നു. പാസ്പോർട്ടുകളിൽ ആറെണ്ണം ബ്രിട്ടന്റേതും മൂന്ന് അയർലന്റിന്റേതും ഒന്നു വീതം ജർമനിയുടേതും ഫ്രാൻസിന്റേതുമാണ്. പാസ്പോർട്ടുകൾ ഇസ്രയേൽ ദുരുപയോഗം ചെയ്യുന്നതിനെതിരെ ബ്രിട്ടീഷ് പ്രധാനമന്ത്രി ഗോർഡൻ ബ്രൗൺ രംഗത്ത് വന്നു. "ഈ പാസ്പോർട്ടുകൾക്ക് എന്താണ് സംഭവിച്ചത് എന്ന് ഞങ്ങൾക്ക് അറിയണം." ബ്രിട്ടനിലെ വിദേശകാര്യ മന്ത്രാലയം ഇസ്രയേൽ പ്രതിനിധിയെ വിളിപ്പിച്ച് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ബ്രിട്ടീഷ് പാസ്പോർട്ടുകൾ തിരിമറി ചെയ്ത് ഓപറേഷൻ നടത്തിയതിന് 1986-ൽ അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി മാർഗരറ്റ് താച്ചർ മൊസാദുമായുള്ള സഹകരണം അവസാനിപ്പിച്ചിരുന്നു. അത്തരം സംഭവങ്ങൾ ആവർത്തിക്കില്ലെന്ന ഉറപ്പിലാണ് പിന്നീട് സഹകരണം പുനരാരംഭിച്ചത്.

കള്ളി വെളിച്ചത്തായതോടെ യൂറോപ്യൻ രാഷ്ട്രത്തലവന്മാർക്ക് വലിയ അങ്കലാപ്പ് കാണാനുണ്ട്. ആസ്ട്രിയൻ ടെലിഫോൺ നമ്പറും എസ്.എം.എസ്സുമാണ് വിവരങ്ങൾ കൈമാറാൻ കൊലയാളി സംഘം ഉപയോഗിച്ചത് എന്നതിനാൽ ആ രാഷ്ട്രവും പ്രതിഷേധവുമായി രംഗത്തുണ്ട്. കോലാഹലമൊക്കെ കെട്ടടങ്ങി ലോകശ്രദ്ധ മറ്റൊരു വിഷയത്തിലേക്ക് തിരിഞ്ഞാൽ ഇവരുടെ പ്രതിഷേധവും മാഞ്ഞുപോകും എന്നത് മറ്റൊരു കാര്യം.

എന്തൊക്കെയായാലും, ഹിറ്റ്ലിസ്റ്റിലുള്ള അടുത്തയാളെ ലക്ഷ്യം വെച്ച് മൊസാദിന്റെ കൊലയാളിപ്പട ഇറങ്ങിത്തിരിച്ചിട്ടുണ്ടാവും. ആ ലിസ്റ്റിലെ ആദ്യത്തെ രണ്ട് പേർ ലബനാനിലെ ഹിസ്ബുല്ല നേതാവ് ഹുസൈൻ നസ്റുല്ലയും ഗസ്സ പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയുമാണ്. ■

## ഉർദുഗാന് ഫൈസൽ അവാർഡ്

**ഇസ്ലാമിക** സേവനത്തിനുള്ള ഫൈസൽ അവാർഡ് തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാന്. "രാഷ്ട്രീയ ഭരണ രംഗങ്ങളിൽ ഉർദുഗാൻ കൈവരിച്ച നേട്ടങ്ങളാണ് അദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്. ഇസ്തംബൂൾ മേയറായിരുന്നപ്പോൾ അദ്ദേഹം കൊണ്ടുവന്ന വിജയകരമായ പരിഷ്കാരങ്ങളെയും കമ്മിറ്റി പരിഗണിച്ചു. പ്രധാനമന്ത്രിയായ ശേഷം ആഗോള, ദേശീയ, ഇസ്ലാമിക തലങ്ങളിൽ വലിയ സംഭാവനകളാണ് അദ്ദേഹം നൽകിയത്." ഫൈസൽ അവാർഡ് കമ്മിറ്റി സെക്രട്ടറി ജനറൽ അബ്ദുല്ല ഉസൈമീൻ പറഞ്ഞു.

ഫലസ്ത്വീനികളുടെ അവകാശങ്ങൾക്കു വേണ്ടി നിരന്തരം ശബ്ദമുയർത്തുന്നതും അവാർഡ് കമ്മിറ്റി കണക്കിലെടുത്തു. അവാർഡ് പ്രഖ്യാപിക്കപ്പെട്ട ദിവസമാണ് ഉർദുഗാൻ ഇസ്രയേലിന്റെ ആണവ നിലയങ്ങൾ ഒരു അന്താരാഷ്ട്ര സമിതിയെ കൊണ്ട് പരിശോധിപ്പിക്കണമെന്ന് തുറന്നടിച്ചത്. 'ഉർദുഗാൻ ഞങ്ങൾക്കെതിരെ തീപ്പന്തമെറിയുന്നത് തുടരുന്നു' എന്നായിരുന്നു ഇതിനോടുള്ള ഇസ്രയേലിന്റെ പ്രതികരണം.

മുൻ സുഊദി ഭരണാധികാരി ഫൈസലുബ്നു അബ്ദിൽ അസീസിന്റെ പേരിലുള്ളതാണ് അവാർഡ്. ■

## ഇബ്റാഹീം മിസ്്രി സെക്രട്ടറി ജനറൽ

**ലബനാനിലെ** ഇസ്ലാമിക പ്രസ്ഥാനമായ അൽജമാഅ അൽ ഇസ്ലാമിയ്യയുടെ പുതിയ സെക്രട്ടറി ജനറലായി ഇബ്റാഹീം മിസ്രിയെ തെരഞ്ഞെടുത്തു. അനാരോഗ്യം കാരണം നിലവിലുള്ള സെക്രട്ടറിയും പ്രമുഖ പണ്ഡിതനുമായ ഫൈസൽ മൗലവി സ്ഥാനമൊഴിഞ്ഞതിനെ തുടർന്നാണ് തെരഞ്ഞെടുപ്പ് നടന്നത്. ഫൈസൽ മൗലവി സംഘടനയുടെ രക്ഷാധികാരിയായി തുടരും.

1963-ൽ സ്ഥാപിതമായ സംഘടനയുടെ മൂന്നാമത്തെ സെക്രട്ടറി ജനറലാണ് ഇബ്റാഹീം മിസ്രി. ദീർഘകാലം ഈ പദവി വഹിച്ചത് ഈയിടെ നിര്യാതനായ പ്രമുഖ ഗ്രന്ഥകാരനും ഇസ്ലാമിക പ്രബോധകനുമായിരുന്ന ഫത്ഹീയകനായിരുന്നു. ■